
Digital Magazine
ശരധി
little KITEs
GWHSS CHERUKUNNU

# എഡിറ്ററുടെ പേജ്

പ്രിയ കൂട്ടുകാരെ ,

നമ്മൾ ഓരോരുത്തരുടെയും ഭാവന അതിവിപുലമാണ്.എല്ലാവർക്കും ഓരോ തരത്തിലുള്ള കഴിവുകളും ഉണ്ട്.അത് കണ്ടെത്തി തെളിയിക്കേണ്ടത് നമ്മുടെ കടമയാണ്.

ഞങ്ങളുടെ വിദ്യാലയത്തിലെ കുട്ടികൾ സ്വയം എഴുതിയ സൃഷ്ടികൾ ചേർത്താണ് ഈ മാഗസിൻ തയാറാക്കിയിരിക്കുന്നത്. ഈ മാഗസിൻ എല്ലാ കുട്ടികൾക്കും പ്രോത്സാഹനവും പ്രചോദനവും ആകുമെന്ന് പ്രത്യാശിക്കുന്നു.

എഡിറ്റർ

അനിഷ പുഷ്പജൻ .കെ

# Table of Contents

എഡിറ്ററുടെ പേജ്.....2
കേരളത്തിന്റ നന്മയ്ക്ക് വേണ്ടി.....4
മാറുന്ന മലയാളി മാറുന്ന കേരളം.....7
കേരളീയ ജീവിതം.....9
മരിക്കാത്ത ഓർമ്മങ്ങൾ.....11
വികസന പാതയിൽ കേരളം.....13
ഓർമയുടെ നാളുകൾ.....15
യാത്രാനുഭവം.....16
കരടി പറഞ്ഞ സ്വകാര്യം.....17
യുദ്ധത്തിന്റെ ഫലം.....18
കവിത.....19
UNITY IS STRENGTH.....20
മൂഷികസ്ത്രി വീണ്ടും മൂഷികസത്രിയായി.....21
The fox and The Lion.....22
ചിത്രങ്ങൾ.....23

# കേരളത്തിന്റെ നന്മയ്ക്ക് വേണ്ടി

കേരളം ഒരു കാർഷികരാജ്യമാണ്.വിഭവങ്ങൾ കൊണ്ടും സമൃദ്ധം പൊൻ വിളയുന്ന നെൽ പരപ്പുകൾ ആഞ്ഞുവീശുന്ന തെങ്ങോലകൾ വിരിഞ്ഞു നിൽക്കുന്ന പൂക്കൾ. ആരെയും കൊതിപ്പിക്കുന്ന തരത്തിലുള്ള മനോഹരമായ പൂന്തോട്ടം.ലോകത്തിൽ എങ്ങുമില്ലാത്ത പച്ചപ്പും വാരിണിഞ്ഞ സാക്ഷാൽ ദേവതയാണ് കേരളം.



കേരളത്തിലെ മലയാളികൾ അധ്വാനശിലമുള്ളവരാണ്.അവരുണ്ണുന്ന ചോറിൽ പോലും അവരുടെ അധ്വാനത്തിന്റെ വിയർപ്പ് ചോരകൾ ഉണ്ടായിരുന്നു.അതുകൊണ്ട് തന്നെ അത്രയും പരിശുദ്ധമായിരുന്നു കേരളത്തിന്.കേരളം മലയാളികളുടെ നാടാണ്,കലകളുടെ നാടാണ്,ഐശ്വര്യത്തിന്റെ പ്രതീകമാണ്.കേരളത്തിലെ എല്ലാ ജനങ്ങളും അധ്വാനശീലരായത് കൊണ്ടുതന്നെ കേരളം എന്ന് കേട്ടാൽ നാടെങ്ങും വിറക്കുമായിരുന്നു.ഇതിന് പ്രധാന കാരണം അവരുടെ കൃഷിതന്നെയായിരുന്നു.

കേരളത്തിലെ സമ്പത്ത് ലോകമെമ്പാടുമുള്ള ജനങ്ങൾ കടൽകടന്ന് തേടി വന്നിരുന്ന പരസ്പര വിശ്വാസം,ഐക്യം എന്നിവയെല്ലാം മലയാളികൾ തമ്മിലിള്ള ബന്ധത്തെ കൂടുതൽ ദൃഢമുള്ളതാക്കി.

എന്നാൽ ഇന്ന് കേരളം മാറ്റിമറഞ്ഞിരിക്കുന്ന ഹരിതാപത്തിന് പകരം വലയ വലിയ കെട്ടിടങ്ങളാണ് കാണാൻ കഴിയുന്നത്.കടൽ ഇങ്ങോട്ടല്ല അങ്ങോട്ടാണ് യാത്ര,കാരണം ഇവിടെ വിളയില്ല,മണ്ണില്ല,അധ്വാനശീലരായ മലയാളികളുമില്ല. ഇന്ന് എല്ലാവരുടെയും ജീവിതം അത്യാഗ്രഹം എന്ന വലയം കൊണ്ടാണ് പണിഞ്ഞിരിക്കുന്നത്.ആർക്കും ആരെയും ആശ്രയിക്കാൻ ഇഷ്ടമല്ല.സത്യസന്ധത ഇന്നത്തെ മലയാളികളുടെ രക്തത്തിൽ ഒട്ടും തന്നെ അലിഞ്ഞു ചേർന്നിട്ടില്ല.ഇന്ന് കേരളീയർ ഉണ്ണുന്നത് കേരളത്തിൽ വിടരുന്ന പൊൻ നാണയമല്ല.മറ്റേതോ രാജ്യത്ത് വിടരുന്ന അവരുടെ അധ്വാനഫലമാണ്.

ദാരിദ്രമായിരുന്ന കേരളീയ ജനതയെ അന്ന് ഒന്നിപ്പിച്ചത് എന്നാൽ ഇന്ന് ശാസ്ത്രം പുരോഗതി കൈവരിച്ചതോടെ ജനങ്ങൾ തമ്മിലുള്ള ഐക്യം നഷ്ടപ്പെട്ടു.എല്ലാവർക്കും ഉണ്ട് അവരുടെതായ ലോകം.അവരവരുടെതായ സ്വപ്നം അതിന് മീതെ ഓടുകയാണ് ജനത.ആർക്കും ആരെയും ആശ്രയിക്കുന്നില്ല . ആശ്രയിക്കാൻ താൽപര്യവുമില്ല. താൻ ആരുടെയും മുന്നിൽ തലകുനിക്കരുത് എന്ന സ്വർത്ഥമായ ചിന്ത മാത്രമാണ്.

സ്വാർത്ഥത താൽപര്യങ്ങൾക്ക് വേണ്ടി കെട്ടി പണിത ഫാക്ടറികൾ

മലയാളികൾ അറിയുന്നില്ലേ അത് നശിപ്പിക്കുന്നത് കേരളത്തിന്റെ മണ്ണിനെയാണെന്ന്.നിറം പൊട്ടിയൊഴുകുന്ന പുഴകളെയാണെന്ന്,ഇന്ന് കേരളം നേരിടുന്ന പ്രധാന പ്രശ്നം മലിനീകരണമാണ്.ഫാക്ടറികളിലെ മലിനജലം നദികളിലേക്ക് ഒഴുകുന്നു.വയലുകൾ നികത്തി

വീടുകൾ നിർമ്മിക്കുന്നു.അങ്ങനെ എന്തെല്ലാം ക്രൂരതകളാണ് ഇന്ന് മലയാളികൾ തങ്ങളുടെ അമ്മയോട് ചെയ്യുന്നത്.

പ്ലാസ്റ്റിക്കിന്റെ ഉപയോഗവും കേരളത്തിലെ മണ്ണ് നശിപ്പിക്കുന്നതിന് പ്രധാന കാരണമാണ്.ഇന്ന് മലയാളികൾ നേരിടുന്ന പ്രധാന പ്രശ്നവും ഇതുതന്നെയാണ്.ഉപയോഗ ശൂന്യമായ പ്ലാസ്റ്റിക് വലിച്ചെറിയുന്നു.ഇത് സസ്യങ്ങളുടെ വളർച്ചയെ ഗുരുതരമായി ബാധിക്കുന്നു.സസ്യങ്ങൾ നശിച്ചാൽ പിന്നെ

മലയാളികളുടെ കാര്യം പറയാനില്ലല്ലോ

ഇന്ന് മലയാളികൾ ഏറ്റവും കൂടുതൽ സമയം ചിലവഴിക്കുന്നത് മൊബൈൽ ഫോണിന്റെ മുന്നിലാണ്.ആർക്കും ഏതു നേരത്തും ചിള്ളാൻ ഒരു സാധനമുണ്ടല്ലോ.ചില സാഹചര്യങ്ങൾ ഇത് ഉപകാരപ്രധമാണെങ്കിലും ചില സന്ദർഭങ്ങളിൽ അത് വളരെ ദോശകരമാണ്.

കേരളവും മലയാളികളും ധാരാളം മാറേണ്ടതുണ്ട്.കേരളം പഴയതാകണം ഒപ്പം മലയാളികളും.എന്നാൽ മാത്രമേ കേരളം എന്ന പൂന്തോട്ടത്തിൽ പൂമ്പാറ്റകൾക്ക് ഭയരഹിതരായി തേൻ നുകരാൻ ആവും.

സ്വാമി വിവേകാനന്ദൻ കേരളത്തെ ഭ്രാന്താലയമെന്ന് വിശേഷിപ്പിച്ച് ജാതിയുടെ അടിസ്ഥാനത്തിലാണെങ്കിലും ഇപ്പോൾ കേരളം ശരിക്കും ഒരു ഭ്രാന്താലയം തന്നെയാണ് .പെറ്റമ്മയെപ്പോലും തിരിച്ചറിയാത്തവരാണ് ഇന്നത്തെ മലയാളികൾ.കൊട്ടും ക്രൂരതയല്ലാതെ ഇന്നത്തെ ക്രൂീയർക്ക് മറ്റൊന്നുമില്ല.

പുരോഗതികൾ അതികമിക്കുന്നതിനോടൊപ്പം കേരളം നശിച്ച് കൊണ്ടിരിക്കുന്നു.പാവം തന്റെ പുത്രുടെ ക്രൂരതയിൽ പെട്ട് അവൾ വലയുകയാണ് സർപ്പത്തിന്റെ വായിൽ കുടുങ്ങിയ തവളയെ പോലെ.

കേരളം മാറണം മലയാളികൾ മാറണം എങ്കിൽ മാത്രമേ കേരളത്തിന്റെ ആത്മാവിന് ശാന്തി ലഭിക്കുകയുള്ളൂ.ഒരിക്കലും മലയാളികൾ വിജയത്തിന്റെ പിന്നാലെ പോകരുത്.അങ്ങനം പോയാൽ അവർക്ക് ഒരിക്കലും വിജയം കൈവരിക്കാൻ ആവില്ല.ചി.ട്ടി പറഞ്ഞതുപോലുള്ള ഒരു കാർഷിക രാജ്യം തിരിത്തി അതിനുവേണ്ടി ഓരോ മലയാളികളും തുഞ്ഞിഞിറങ്ങണം.മറ്റു ജോലികൾക്ക് ഉള്ളതുപോലെ അല്ലെങ്കിൽ അതിനെകാൾ മീതെ എന്ന് വിശ്വസിച്ചുകൊണ്ട് മണ്ണിലിറങ്ങണം.നഷ്ടപ്പെട്ട മണ്ണിനെ തിരിച്ചെടുക്കാൻ എല്ലാവർക്കും ഒരുമിച്ച് കൈകോർത്ത് പ്രവർത്തിക്കണം.മുഴങ്ങണം കേരളമെങ്ങാട്ടും വായിതിരികൾ ഉയരണം ലോകമെങ്ങാട്ടും കേരളമെന്ന്.ആരും

**കൊതിക്കണം കേരളം കാണാൻ.ഇങ്ങനെയൊക്കെ ആയാൽ മാത്രമേ കേരളത്തിന്റെ ആത്മശാന്തി ഉണ്ടാകുകയുള്ളൂ.**

**സഫ.കെ.പി**
**9B**

# മാറുന്ന മലയാളി മാറുന്ന കേരളം




ഇന്ത്യയിൽ ഏറ്റവും കുറവ് അക്രമങ്ങളും പീഡനങ്ങളും നടക്കുന്നത് കേരളത്തിലാണ്. എന്നാൽ അവ ഇന്ന് വർദ്ധിച്ച് വരുന്ന പച്ചപ്പായിഅലങ്കൃതമായൊരു നാടാണ് നമ്മുടെ കേരളം എന്നാൽ ഇന്ന് അതോക്കെ നഷ്ടമായിക്കൊണ്ടിരിക്കുന്ന കാരണം മനുഷ്യൻ തന്നെയാണ്.മരങ്ങളും മലകളും എല്ലാം നശിപ്പിക്കുന്ന അത്രയ്ക്ക് ദുഷ്ടരായി മാറുകയാണ് ഇന്നത്തെ മലയാളികൾ . പണ്ട് കേരളനാടിനെ നെഞ്ചിലേറ്റി കൊണ്ടുനടന്നവരാണ് മലയാളികൾ. ഇന്ന് ജോലി ചെയ്യുന്നതിനും മറ്റാവശ്യങ്ങൾക്കും വിദേശരാജ്യങ്ങളിലേക്കും അന്യസംസ്ഥാനങ്ങളിലേക്കും അവർ യാത്രചെയ്യുന്ന

പണ്ടൊക്കെ എന്തുമാത്രം അധ്യാനിക്കും അനുഭവിക്കുകയും ആഹ്ലാദിക്കുകയും ചെയ്തിട്ടുള്ളവരാണ് മലയാളികൾ എന്നാൽ ഇന്ന് ആരും അധ്യാനിക്കുന്നില്ല. അധ്യാനത്തിന്റെ മഹത്വം മനസ്സിലാക്കാതെ പല ഓഫീസുകളിലേയും അനങ്ങാതെയുള്ള ജോലികൾ ചെയ്യുന്ന . ഇന്ന് ഭക്ഷണാവശ്യത്തിനായി അരി കൊണ്ടുവരുന്നതുപോലും അന്യസംസ്ഥാനങ്ങളിൽനിന്നാണ് .ചളിയിലും മണ്ണിലും ഇറങ്ങാനും കൂടുതൽ ആൾക്കാർക്കും മടിയാണ്.



കേരളത്തിലെ എല്ലാ ആളുകളും മലയാളമാണ് സംസാരിച്ചിരുന്നത് . എന്നാൽ ഇന്ന് അവർ വിദേശരാജ്യങ്ങളിൽ പോയി പല ഭാഷകൾ സംസാരിക്കുന്ന . മലയാളത്തെ മറന്നുപോകുന്ന .പണ്ടൊക്കെ മലയാളികൾക്ക് മലയാളഭാഷ ജീവനാണ്.

കേരളത്തിൽ ഒരുപാട് ആഘോഷങ്ങൾ നിലനിന്നിരുന്നു. ഇന്ന് അതും ചെറിയതോതിൽ നടത്തിവരുന്ന .പണ്ടൊക്കെ കേരളം ആഘോഷങ്ങൾക്കൊണ്ട് മുഖരിതമാകുന്നു.



മലയാളികളുടെ ഒരു പ്രധാന ആഘോഷമാണ് ഓണം . ആ സമയത്ത് കുട്ടികൾ പൂക്കൾ തേടിപ്പോകും. കാട്ടിലും മലയിലും പോകും. എന്നാൽ ഇന്ന് പൂക്കൾ തേടി പോകാറില്ല . കാരണം മനുഷ്യരുടെ ചില അശാസ്ത്രീയ പ്രവർത്തനങ്ങൾ സസ്യങ്ങളുടെയും ജീവികളുടെയും വംശനാശത്തിന് വരെ വഴി തെളിക്കുന്നു. ഇന്ന് പൂക്കൾ പൈസ കൊടുത്ത് വാങ്ങുകയാണ്. ഓണവും ,വിഷുവും തിരുവാതിരയും പൂരവും ഒക്കെ മലയാളികൾക്ക് പ്രിയപ്പെട്ടവ തന്നെയാണ്പണ്ടുകാലത്തൊക്കെ മറ്റുള്ളവരോടും ദയയും കരുണയും സ്നേഹവുമൊക്കെയുണ്ടായിരുന്നു. എന്നാൽ ഇതോക്കെ മലയാളികൾക്ക് നിമിഷനേരങ്ങൾ കൊണ്ട് നഷ്ടമാകുന്നു. ഇന്ന് മറ്റുള്ളവരുടെ സങ്കടം ആഗ്രഹിക്കുന്ന മലയാളികൾ സ്വന്തം

ലാഭത്തിനായി ഒന്നും ചെയ്യാൻ മടിക്കുന്നില്ല. ഇന്ന് മലയാളികൾക്ക് സ്വത്തിനും പണത്തിനും വേണ്ടിയുള്ള ദുരാഗ്രഹമാണ്. പണം സമ്പാദിക്കുക .അധ്വാനിക്കാതിരക്കുക എന്ന ഒരു ഒറ്റ ചിന്ത മാത്രമാണ് ഇന്ന് മലയാളികളുടെ മനസ്സിൽഅവരുടെ കാശ്യു പ്രശസ്തിയും വളർന്നു പന്തലിക്കുമ്പോഴും അവരെ അങ്ങനെയൊരാളായി വാർത്തെടുത്ത ആഗ്രാമത്തിന്റെ വെളിച്ചവും ഒപ്പമുണ്ടായവരെയും മലയാളികൾ ശ്രദ്ധിക്കുന്നില്ല. ഇന്നുളള വൃദ്ധരും മറ്റുമദ്ധ്യവയസ്കരും മണ്ണിൽ കളിച്ച് വളർന്നവരാണ് . എന്നാൽ തന്റെ മക്കളെ മണ്ണിൽ തൊട്ടുകളിക്കാനോ മരത്തിൽ ചില്ലയിലേറുന്നതും അവർ ഇഷ്ടപ്പെടുന്നില്ല കാരണം പലതാണ് .

ഇന്ന് അക്രമങ്ങൾ വർദ്ധിച്ചുവരികയാണ് . തന്റെ സമ്പാദ്യത്തിന് വേണ്ടി മലയാളികൾ ഇന്ന് മറ്റുള്ളവരെ കൊല്ലുകയും ചെയ്യുന്നു. കാലഘട്ടം മാറും തോറും ഇവയും വർദ്ധിച്ചുവരുന്നു. പണ്ടൊക്കെ എന്ത് സാഹോദര്യത്തോടെയും സ്നേഹത്തോടെ യുമാണ് മലയാളികൾ കഴിഞ്ഞിരുന്നത്. ഇന്ന് അന്യോന്യം ശത്രുക്കളായും കഴിയുന്നു. മണ്ണ് ദിനം തോറും മരിച്ച് കൊണ്ടിരിക്കുന്നതിന് കാരണം മനുഷ്യൻ തന്നെയാണ്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ സാക്ഷരതയുള്ള ഒരു സംസ്ഥാനമാണ് കേരളം. പഠിക്കാതെയുള്ള കുട്ടികളുടെ എണ്ണം കുറഞ്ഞുവരികയാണ്. തന്റെ മക്കളെ മറ്റു കുട്ടികളെക്കാൾ മികവുറ്റതായി വാർത്തെടുക്കുന്നതിനായി കുട്ടികളെ ഇംഗ്ലീഷ് മീഡിയത്തിൽ ചേർക്കുന്നു. ഇംഗ്ലീഷ് മീഡിയത്തിൽ മലയാളവും ഹിന്ദിയും ഒഴികെ എല്ലാ വിഷയങ്ങളും ഇംഗ്ലീഷിലാണ് അവർ പഠിപ്പിക്കുന്നത്. ഇതിലൂടെ അവർ മലയാള ഭാഷയെ മറക്കുന്നു.

മലയാളികളിൽ ഇന്ന് അപൂർവ്വം പേർ മാത്രമേ സ്വയം അധ്വാനിച്ച് സന്തോഷം കണ്ടെത്തുന്നുള്ളൂ. ഇങ്ങനെയൊരുപാട് കാരണങ്ങളാൽ മലയാളികളും കേരളവും മാറിക്കൊണ്ടിരിക്കുകയാണ്. ഇത് തിരിച്ച് പിടിക്കുന്നതിനായി മലയാളികൾ എല്ലാം ഒരുമിച്ച് പ്രവർത്തിക്കണം.

തന്റെ പ്രശസ്തി മാത്രമല്ല തന്റെ മക്കളെ പഠിപ്പിച്ച് വലിയ നിലയിലെത്തിക്കാൻ കൂടിയാണ് അവരുടെ ശ്രമം. അതിനാൽ അവരുടെ ലോകം സ്കൂളും വീടുമായി മാറിടുന്നു. പണ്ടത്തെ കുട്ടികൾക്ക് ചുറ്റുപാടും ആസ്വദിച്ച നടക്കേണ്ട സ്വാതന്ത്ര്യമുണ്ടായിരുന്നു. ഇന്ന് കുട്ടികളെ നാലുചുവരുകൾക്കുള്ളിൽ പിടിച്ചുവച്ച് അവരെ ഒരു പുസ്തകപ്പുഴുവാക്കി മാറുകയാണ്. കേരളം ദിവസംതോറും വെറുമൊരു മരുഭൂമിയായി മാറിക്കൊണ്ടിരിക്കുകയാണ്. കേരളത്തിലെ അതിമനോഹരമായ കുളങ്ങളും പുഴകളും മണ്ണിട്ട് നികത്തുന്നു. മാലിന്യം നിറക്കുന്നു.

ചിലർ വിട്ടിൽ കുഴൽക്കിണറുകൾ ഉണ്ടാക്കുന്നു . ഇത് ഭൂമിയുടെ ജലനിരപ്പിന് ദോഷങ്ങൾ ഉണ്ടാക്കുന്നു. ഇന്ന് കുഴൽ കിണറുകൾ വർദ്ധിച്ച് വരുന്നു. കേരളം മാറുകയല്ല. കേരളത്തെ മാറ്റിമറിക്കുകയാണ് മാറുന്ന മലയാളികൾ.


**സഫ.കെ.പി**

**9B**

# കേരളീയ ജീവിതം



കേരളീയ ജീവിത കഥ മാറിമറിയുന്നു.ദൈവത്തിന്റെ സ്വന്തം നാട് എന്ന് പറയുന്ന നമ്മുടെ കേരളത്തിന്റെ അവസ്ഥ ഇന്ന് വളരെയധികം പരിതാപകരമായി മാറി കഴിഞ്ഞു.മലയാള കവിയത്രികൾ പാടി പുകഴിത്തിയ നമ്മുടെ കേരളം ഇന്ന് പട്ടുകിഴിയിൽ വീണിരിക്കുന്നു.



മലയാളികളാണെങ്കിൽ വൈദേശിക ജീവിതത്തിനും സുഖത്തിനു വേണ്ടി എന്തും ചെയ്യാൻ തയ്യാറാകുന്ന കൂട്ടത്തിലേക്ക് പോകുന്നു.എന്തിനു വേണ്ടിയാണ് കേരളീയർ ഇങ്ങനെ ജീവിക്കുന്നത്. പരസ്പര സ്നേഹത്തിലും വിശ്വാസത്തിലും ജീവിതം നയിച്ചവർ ഇന്ന് സ്വന്തിഷ്ടാനിഷ്ടങ്ങൾക്ക് വേണ്ടി ജീവിക്കുന്നവരാണ്.

ഗ്രാമങ്ങളിൽ സന്തോഷ ജീവിതം നയിച്ചവർ നഗര ജീവിതം കൊതിച്ച് പട്ടണങ്ങളിലേക്ക് മാറാൻ തുടങ്ങി.പതിയെ പതിയെ പട്ടണ ജീവിതത്തിനു പിറകെ മലയാളികൾ ഓടാൻ തുടങ്ങി.മാളികകൾക്കും പണത്തിനും പിറകെ പോയി.ചിലർ അക്രമരാഷ്ട്രീയത്തിനു പിറകെ പോയി.മലയാളി മനസ്സുകളിൽ ക്രോധം താണ്ഡവ നൃത്തമാടാൻ തുടങ്ങി.എന്തിനും ഏതിനേയും



കൊലപാതകത്തിനെയും അക്രമത്തിന്റെയും പിന്നിലെ ഓടുകയാണ്.പരിഹാസത്തോടെ ഒന്ന് ചിരിച്ചതിന്റെ പേരിൽ ക്രൂരമായി ബലാൽസംഘം ചെയാത് കൊല്ലപ്പെട്ട ജിഷയുടെ ജീവിത കഥകളും.പട്ടിണികിടന്ന് അവശനായ മധു അരി മോഷ്ടിച്ചതിന്റെ പേരിൽ കെട്ടിയിട്ട് ക്രൂരമായ് മർദ്ദിച്ച് കൊല ചെയ്ത മധുവിന്റെ കഥകളും സോഷ്യൽ മിഡിയകളുടെ ഇരയായ് മാറിയ ഹനാനും സൗമ്യവധകേസും കേരളത്തിന്റെ ഹൃദയം പൊളിക്കുന്നതാണ്.


ഹരിതാപകരമായിരുന്ന കേരളം ഇന്ന് രക്തമ പുരണ്ട കേരളമായി മാറി.കേരളത്തിന്റെ നീതിപീഠങ്ങൾ പോലും അനീതിക്കായി പ്രവർത്തിക്കുകയും നിരപരാധികളെ ശിക്ഷിക്കുകയും കു റ്റവാളികൾക്ക് ജയിൽ ശിക്ഷ ഉണ്ടെങ്കിലും ജയിൽ ജീവിതം ഇന്ന് സുഖജീവിതമായി മാറിയീരിക്കുന്നു.രാത്രിയിൽ ഒറ്റയ്ക്ക് പുറത്തുപോകാനുള്ള ധൈര്യം ഇന്നും എല്ലാ പെൺക്കുട്ടികൾക്കും ലഭിച്ചിട്ടില്ല.മലയാളികൾക്ക് മലയാളികളോടു പോലും വിശ്വാസമ്ല്ലാതായി മാറി.പ്രകൃതിക്കെതിരെ ചൂഷണം ചെയ്യുന്ന എത്ര എത്ര മലയാളികൾ ഇന്ന് നമ്മുടെ കേരളത്തിൽ നിലനിൽക്കിന്നു.മരണമടഞ്ഞ പെൺക്കുട്ടികളുടെ അമ്മമാർ നീതിക്കു വേണ്ടി പരക്കം പായുമ്പോൾ അവരുടെ കണ്ണിൽ പൊടിയിട്ടുനടക്കുന്ന ഉദ്യോഗസ്ഥർ കേരളത്തിന്റെ ശാപമാണ്.അതുപോലെ അക്രമരാഷ്ട്രീയങ്ങൾ നമ്മുടെ കേരളത്തിൽ കൊലപാതകങ്ങൾ സൃഷ്ടിക്കുന്നു.പ്രകൃതി ചൂഷണത്തിന് വേണ്ടി നടന്ന മലയാളികൾക്ക് തിരിച്ചടിയായി ഇന്ന് പ്രകൃതി മഴകെടുതിയിലൂടെ മനുഷ്യമനസ്സുകളെ വേദനിപ്പിക്കുന്നു.അഭിമന്യുവിന്റെ കൊലപാതകങ്ങളും മനുഷ്യമനസ്സുകളെ വേദനിപ്പിക്കുന്നു.മലയാളികളും കേരളവും മാറിക്കൊണ്ടിരിക്കുന്ന

സഹ.& അനഘ

9B

# മരിക്കാത്ത ഓർമ്മങ്ങൾ

ഇരുട്ടിന്റെ ഏകാന്തതയിൽ ഒരു തേങ്ങൽ എങ്ങും പരക്കുന്നു. ജടപിടിച്ച മുടികൾ കാറ്റിന്റെ ഇളം തെന്നലുകൾ തഴുകി തലോടവെ ചുക്കിചുളിഞ്ഞ കവിൾ തടത്തിലൂടെ കണ്ണുനീർ തുള്ളി ഒലിച്ചിറങ്ങുന്നു. അവ സിമന്റിട്ട തറ ഒപ്പിയെടുക്കുന്നു. അപ്പോഴാണ് വീടിന്റെ മണികൾ മുഴങ്ങിയത്. ഒരു ഞെട്ടലോടെ അവൾ ഏതോ സ്വപ്നത്തിൽ നിന്ന് ഉണർന്നത് പോലെ. വഴിയാത്ത കാലുമായി ഏഞ്ഞു നടന്നു വാതിൽ തുറന്നു. മുത്തശ്ശി നിങ്ങൾക്കൊരു കത്തുണ്ട്. പോസ്റ്റ്മാന്റെ കൈയിൽ നിന്ന് അവർ കത്തുമായി വാതിലുകൾ ഭദ്രമായി അടച്ചുകൊണ്ട് മുറിയിലെത്തി. അവർ ആ കത്ത് തുറന്ന് വായിച്ചു. അവരുടെ കണ്ണുകൾ നിറഞ്ഞൊഴുകാൻ തുടടങ്ങി. അക്ഷരങ്ങൾ പൊറുക്കിയവർ വായിച്ചു.'' അമേമ ഞാൻ ഒരിക്കലും മറക്കില്ല''. വെറും ഒരു വാക്ക് അതിൽ അവർ തനിക്ക് പറയാനുള്ളതെല്ലാം ഉൾക്കൊണ്ടിരുന്നു. ഏതോ ഏകാന്തത ഇറങ്ങിപോയപോലെ അവർ ഉറക്കെ നിലവിളിച്ചു. എങ്ങനെയാണ് തനിക്കാ ദിനം മറക്കാൻ കഴിയുന്നത്. ഒരിക്കലുമില്ല എല്ലാം നശ്ട്ടപ്പെട്ടുപോയിട്ടും കെടാത്ത ദീപമായവർ കത്തിച്ചലിക്കുന്നു. ആ സ്ത്രീ മാതൃത്വത്തിന്റെ പ്രതീകമായിരുന്നു. അവർക്ക് അവരുടെ മകനും മകന് അമ്മയും മാത്രമേ ഉണ്ടായിരുന്നുള്ളു. പതിനാറാം വയസ്സിൽ തുടങ്ങിയതാണവർ. ഒരു മെഴുകുതിരി പോലെ തനിയെ കത്തി ഇല്ലാതായികൊണ്ട്



മറ്റുള്ളവർക്ക് വെളിച്ചമേകാൻ എന്നാൽ ഇതൊക്കവിടയോ വച്ച് ആ വലിയ സാഗരത്തിൽ അവർ അറിയാതെ

തനിച്ചായിപോയി. കണ്ണിലുണ്ണിയായി വളർത്തിയ മകനെ കൺമുന്നിൽ നിന്ന് അകന്നുപോകുമ്പോഴുള്ള വേദന

നൊന്തുപ്രസവിച്ച ഒരമ്മയ്ക്കും താങ്ങാനാവില്ല. മറവിയെ മധുരമായി കൂടെകൂട്ടാൻ കഴിഞ്ഞെങ്കിൽ അവർ അറിയാതെ ആഗ്രഹിച്ചു. അവർ ആ ദിനം വീണ്ടും സ്മരിക്കാൻ ആഗ്രഹിച്ചില്ല. എങ്കിലും മനസ്സിലേക്ക് കടന്നു വന്നു ഒരു വിളിക്കാത്ത അതിഥിയെ പോലെ. അന്ന് തന്റെ മകൻ പതിവിലും സന്തോഷവനായിരുന്നു.

അവന് ജോലി കിട്ടിയതിന്റെ സന്തോഷം. അന്ന് മുഴുവൻ അവർ നഗരം മുഴുവൻ കറങ്ങി നടന്നു. സായന്തനത്തിന്റെ ഇരുട്ടിൽ അമ്മയെ തനിച്ചാക്കി അവൻ എന്തോ വാങ്ങാൻ പോയി.

അപ്പോയാണ് അപരിചിതരായ രണ്ട്മൂന്ന്പേർ വന്നത്. അവർ അമ്മയെ കയറിപ്പിടിക്കാൻ ശ്രമിച്ചു. അതുകണ്ടുവന്ന മകനെ കലികൊണ്ട് കൈയിൽ കിട്ടിയ കത്തി കൊണ്ട്

*കുത്തി. വിറങ്ങലാർന്ന കൈകൾ, അമ്മ ഒരു കല്ല് പോലെ നിശ്ചലമായി പിന്നെ ഒന്നും തന്നെ ഓർമ്മയില്ല.*

*25 കൊല്ലങ്ങൾ പിന്നിട്ടു, എന്നിട്ടുംഎന്തുകൊണ്ടാണ് ഈ ഓർമ്മയെ മറക്കാൻ കഴിയാത്തത്. തന്റെ മറവിയെ ഒരു അനുഗ്രഹമാക്കാൻ കഴിയുന്നില്ല. ആ അമ്മയ്ക്ക് ഏകാന്തതയുടെ തീരങ്ങളിൽ അവർ മറവിയെയാണ് കാത്തിരിക്കുന്നത്. ഒന്നും പുണരാനും തലോടാനും തഴുകാനും വേണ്ടി.*

***സഫ. കെ. പി***
***9B***

# <u>വികസന പാതയിൽ കേരളം</u>

നൂറ്റാണ്ടുകൾ പിന്നിട്ട സംസ്കാരത്തെയും തന്റെ ജീവിത രീതിയേയും മറന്നു കൊണ്ടിതാ മലയാളി വിദൂരതയില്ലേ നീങ്ങുന്നു.ഓരോ മലയാളിയുടെയും സ്വന്തം കേരള നാടിന്ന് പുതിയ പീതയിലേക്കാണ് നീങ്ങികൊണ്ടിരിക്കുന്നത്.തന്റെ സംസ്കാരങ്ങളും തന്റെ ജീവിത രീതികളും മറന്നു കൊണ്ട് അവനിന്ന് പുതുമയ്ക്ക് വേണ്ടി നെട്ടേട്ടമോടുകയാണ്.ഈ നഗര ജീവിതത്തിൽ ഓരോ മലയാലി മക്കളും ഫാഷൻ ജീവിത രീതിയും പരസ്യങ്ങളെ ആശ്രയിച്ചും അവയിക്ക് പിറകെ നെട്ടോട്ടമോടുകയാണ്.

താൻ എന്ത് എന്നും,താൻ എങ്ങനെ ജീവിക്കണം എന്നും തന്റെ ജന്മഭൂമിയെ എങ്ങനെ ബഹുമാനിക്കണമെന്നും ഓട്ടത്തിനിടയിൽ മറന്നിരിക്കുന്നു.




കാർഷിക സംസ്കാരത്തിന്റെ പിന്മുറക്കാരായ നമ്മൾ ഇന്ന് പാടത്തെ പറമ്പിലും ഇറങ്ങുന്നില്ല.അധ്വാനത്താൽ ഓരോ നെന്മണിയും വിരിയിച്ച നാം കേരളീയർക്ക് ഇന്ന് അടുപ്പുപുകയണമെങ്കിൽ അന്യസംസ്ഥാനങ്ങളെ ആശ്രയിക്കണം.സ്വന്തം അധ്വാനം കൊണ്ട് ഉണ്ടാക്കിയ അരി പാകം ചെയ്ത് ഭോജിച്ച നാം ഇന്ന് വിഷം കഴിക്കുന്നതിന് തുല്ല്യമായി അന്യസമസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്ന വിഷകരമായ ഭക്ഷ്യവസ്തുക്കൾ കഴിക്കുന്നു.നാം മറന്ന നമ്മുടെ സംസ്കാരത്തെ എന്നതിന് ഏറ്റവും വലിയ തെളിവ് തന്നെയാണ് നമ്മുടെ ഈ കൃഷിയെ മറന്നശീലം.തീർന്നില്ല ഇനിയുമുണ്ട് ഒരുപാട് നമ്മുടെ ഇന്നത്തെ മലയാളി മക്കളെ പറ്റിപറയാൻ.

പണ്ട് നാളുകളിൽ കൂട്ടായ്മയിൽ മുൻപന്തിയിലായിരുന്നു നമ്മുടെ സംസ്ഥാനത്തിന് ഇന്ന് കൂട്ടായ്മ എന്നുള്ളത് കുറഞ്ഞു.ഏവരും മൊബൈൽ ഫോണുകളുടെ അടിമകളായി മാറികൊണ്ടിരിക്കുന്നു.

വാഴനസാലകളിലും മറ്റും കളിതമാശകൾ പറഞ്ഞിരുന്ന ചങ്ങാതിമാർ ഇന്ന് കാണാകാഴ്ച്ചയായിരിക്കുന്നു.മൊബൈൽ ഫോണെന്ന ചങ്ങല അതിന്റെ അടിമകളാക്കി നമ്മുടെ മലയാളി മക്കളെ തളച്ചിരിക്കുന്നു.

കേരളത്തിന്റെ തനതായ ശീലമാണ് കലാരൂപങ്ങളുടെ ആസ്വാദനം. കൂത്ത്, കൂടിയാട്ടം, കഥകളി ഇവയെല്ലാം അമ്പലങ്ങളിലും മറ്റ് പൊതുവേദികളിലും സംഘടിപ്പിക്കുമ്പോൾ അതൊന്ന് കാണാൻ പോലും നമുക്ക് നേരമില്ല. നാം മറ്റ് പലതിന്റെയും പിറകെയാണ്. നാം മലയാളിയുടെ ഈ നെട്ടോട്ടം പാവം കേരളത്തിന് താങ്ങാവുന്നതിലും അപ്പുറമാണ്.



'ദൈവത്തിന്റെ സ്വന്തം നാട് ' അഥവാ വിദേശികളുടെ 'ഗോഡ്സ് ഓൺ കൺട്രി ' ഇന്ന് പിശാച് പോലും കാല് വയ്ക്കാത്ത ഇടമായി മാറുന്നു.

ശുചീകരണ കാര്യത്തിൽ നാം ഇന്ന് ഏറെ പിൻതള്ളപ്പെടുകയാണ്. നമ്മുടെ നാടിനെ ദൈവം കനിഞ്ഞു നൽകിയ വരദാനങ്ങളാണ് നദികൾ. നാം നമ്മുടെ മാലിന്യം ഈ സമ്പത്തിലേക്ക് വലിച്ചെറിയുകയാണ്. ഇതിനാൽ നമ്മുടെ സംസ്കാരം എത്രത്തോളം താഴ്ന്നതാണെന്ന് നമ്മൾ തന്നെ തുറന്ന് കാട്ടുകയാണ്. നാം മലയാളികൾ നമ്മുടെ സംസ്ഥാനമായ കേരളത്തെ മോശമാക്കിതീർക്കുന്നു.

തീർന്നില്ല ഇനിയും മതരാഷ്ട്രീയത്തിന്റെയും മറ്റും പേരിൽ നാം കേരളത്തെ ചോരകളാക്കി തീർക്കുകയാണ്. ഓരോ ദിന പത്രങ്ങളിലും ഒരു ദിവസങ്ങളിലും മത-രാഷ്ട്രീയത്തിന്റെ പേരിൽ കൊല ഇല്ലാതതായി നമുക്ക് കാണാൻ സാധിക്കില്ല. ആഘോഷങ്ങളുടെ പേരിലും ആചാരങ്ങളുടെ പേരിലും നാമിന്ന് തല്ലിചാവുകയാണ്. ഇങ്ങനെ സാധിക്കുന്നു. ഇവർക്കിങ്ങനെ ചെറിയ കാര്യങ്ങൾക്ക് വരെ തല്ലുകൂടാൻ ആഘോഷങ്ങളായ ഓണവും വിഷുവും ദീവ്യപാവലിയും പെരുന്നാളും ക്രിസ്തുമസും ഇന്ന് നമ്മുടെ പൊങ്ങച്ചം മറ്റുള്ളവരെ കാണിക്കാനുള്ള ഒരു മാധ്യമയായി തീർന്നിരിക്കുകയാണ്.

പൊങ്ങച്ചവും പോരും മറവിരോഗവും ബാധിച്ച മലയാളി ഇനി ഞാൻ എന്ത് ചെയ്യണം എങ്ങനെ ജീവിക്കണം എന്നറിയാതെ നെട്ടോട്ടമോട്ടുന്നതിനിടയിൽ കേരളസംസ്കാരത്തെയും കേരളത്തെയും മറക്കുന്നു. കേരളത്തെ മറക്കുന്നതിലൂടെ സ്വന്തം പെറ്റമ്മയെതന്നെയാണ് മറക്കുന്നതാ
നി മനുഷ്യാ എന്നുള്ള തൻ അമ്മയുടെ നിലവിളി ഇനിയെങ്കിലും നിന്റെ കാതിൽ പ്രതിധ്വനിക്കട്ടെ........

സഫ. കെ. പി
**9B**

# ഓർമയുടെ നാളുകൾ

ഒരു മഴക്കാലം. പുറത്ത് മഴ തകർത്തു പെയ്യുകയാണ്.ഒരു ഗ്രാമത്തിലെ കുന്നിൻ ചെരുവിൽ ഒരു വീട്. മകൻ ഒരാൾ എഞ്ചിനിയർ അമേരിക്കയിലും മറ്റൊരു മകൾ ഡോക്ടർ കനാഡയിലും മറ്റൊരു മകൻ നാട്ടിൽ അമ്മയ്ക്ക് അരികിൽ അമ്മയെ പരിപാലിച്ച് നിൽക്കുന്നു. മറ്റു രണ്ടു മക്കൾക്ക് അമ്മയെ വേണ്ട. അമ്മയ്ക്ക് മക്കളെ കുറിച്ച് വേവലാതിയാണ്.ഒരു ദിവസം മക്കൾ വീട്ടിൽ വന്നപ്പോൾ ആ അമ്മ മക്കളെ തിരിച്ചറിയാൻ കഴിഞ്ഞില്ല.



''ആരാ മോനേ ആരാവന്നത്.''

ഇളയമകൻ പറഞ്ഞു.

''ചേച്ചിയും ചേട്ടനുമാണ് 'എന്ന് മകൻ പറഞ്ഞു കൊടുത്തപ്പോഴാണ് ആ അമ്മയ്ക്ക് മനസിലായത്. അമ്മ പറഞ്ഞു. മൂത്ത മകനായ മുകുന്ദനും രണ്ടാമത്തെ മകളായ ദീപയും ആണ് അത്. മൂന്നാമത്തെ മകനായ ഹരിദാസൻ ആണ് അമ്മയെ പരിപാലിക്കുന്നത്. ആ അമ്മയ്ക്ക് ഓർമക്കുറവാണ്. സ്വന്തം മകളെപ്പോലും തിരിച്ചറിയാൻ പോലും കഴിയില്ല.

അമ്മയെ കാണാൻ വന്നപ്പോൾ മകളുടെ വിചാരം അമ്മ നമ്മളെയൊക്കെ മറന്നു പോയെന്നാണ്.അമ്മ ഇവരാരാണെന്ന് ഇടയ്ക്കിടെ ചോദിക്കും. പക്ഷെ മക്കൾക്കും അവരുടെ ഭാര്യയ്ക്കും അത് പിടിക്കുന്നില്ല. അവർ അമ്മയോട് ദേഷ്യപ്പെട്ടുമായിരുന്നു. അതിനുശേഷം അമ്മ ഒരു പുസ്തകം മക്കൾക്ക് എടുത്തു കാണിച്ചു.അതിൽ തങ്ങൾ കുട്ടിക്കാലത്ത് ഒരു പക്ഷിയെ കണ്ടിട്ട് അതിന്റെ പേര് ചോദിച്ചിട്ട് പറഞ്ഞുക്കൊടുത്തിട്ട് അമ്മ ആവർത്തിച്ചു കൊണ്ടിരുന്നു.അമ്മ ആ ഓരോ ചോദ്യത്തിനു വേണ്ടി കാത്തിരുന്നു. അപ്പോഴാണ് അമ്മയുടെ സ്നേഹം മക്കൾക്ക് മനസ്സിലാകുന്നത്.

പക്ഷെ മക്കളുടെ ഭാര്യമാർ അമ്മയെ ഉപേക്ഷിക്കാൻ വേണ്ടി പറയുന്നു. എന്നിട്ട് മക്കൾ ഉപേക്ഷിക്കാൻ ശ്രമിക്കുമ്പോൾ ഓരോന്നിലും മക്കൾ പരാജയപ്പെടുന്നു. ഓരോ ശ്രമത്തിലും മക്കൾക്ക് അതിന്റെ പ്രത്യാഘാതം മനസ്സിലാകുന്നു. നമ്മളെ വളർത്തി വലുതാക്കിയത് ആ അമ്മയാണത്.പക്ഷെ ആ മക്കൾ അതൊക്കെ മറന്നു കഴിഞ്ഞു. അമ്മയുടെ കണ്ണുകൾ അടയുന്നില്ല.

**അപർണ 9B**

# യാത്രാനുഭവം

സ്കൂൾ അടച്ച ദിവസംഞങ്ങൾ എല്ലാവരുംകൂടി വിനോദയാത്ര പോകാൻ തിരുമാനിച്ചു.

മൈസൂരിലേക്കാണ് യാത്ര. ഞങ്ങൾ ബസ്സിലാണ്പോയത്. ഞങ്ങൾ രാവിലെ ആറു മണിക്ക് പുറപ്പെട്ടു.പോകുന്നവഴി മുഴുവൻ കോട്ടം മഞ്ഞായിരുന്നു. അതുകൊണ്ട് വഴി തെളിഞ്ഞ് കാണാൻ ഞങ്ങൾക്ക് സാധിച്ചല്ല. അവസാനം മൈസൂരിലെത്തി. അവിടെ എത്തിയത് രാത്രിയായിരുന്നു.അവിടെ നല്ല തണുപ്പായിരിന്നു. അങ്ങനെ ഞങ്ങൾ ഓരു ഹോട്ടലിൽ മുറി എടുത്തു .അടുത്തദിവസം രാവിലെ പൂന്തോട്ടം കാണാൻ പോയി. അവിടെ പൂക്കൾ കൊണ്ട് പലവിധത്തിൽ അലങ്കരിച്ചിരിക്കുന്നു.പലനിറത്തിലുള്ള പൂക്കൾ കാണാൻ നല്ല ഭംഗിയാണ്. പൂക്കൾകൊണ്ട് ഓരു വലിയ തത്തയെ ഉണ്ടാക്കുന്നത് ഞങ്ങൾ കണ്ടു. പിന്നെ പോയത് മ്രുഗശാലയിലേക്കാണ്.അവിടെ ആനയും മാനും സിംഹവും അങ്ങനെ പല മൃഗങ്ങൾ ഉണ്ടായിരുന്നു.പല പക്ഷികളും ഉണ്ടായിരുന്നു.അപൂർവ്വമായി കാണുന്ന വെള്ള മയിലും വേഴാമ്പലും പിന്നെ ലൗബേഡ്സും തത്തയും അങ്ങനെ പലതും ഉണ്ടായിരുന്നു. അതൊക്കെ കണ്ട് അങ്ങനെ ഞങ്ങൾ അവിടന്ന് മടങ്ങി.

അക്ഷയ.കെ

# കരടി പറഞ്ഞ സ്വകാര്യം

ഒരിക്കൽ ഒരു നായാട്ടുകാരൻ നായാട്ടിന് പോവുകയായിരുന്നു .അയാൾ തന്റെ സുഹൃത്തിനെയും കൂടെ കൊണ്ടു പോയി.കാട്ടിൽ കുറേ വഴി ചെന്നപ്പോൾ ഒരു കരടി അവരുടെ നേരെ വന്നു. ഉടനെ അമ്പും വില്ലും താഴെയിട്ട് നായാട്ടുകാരൻ അടുത്ത് കണ്ട മരത്തിൽ പിടിച്ചു കയറി രക്ഷപ്പെട്ടു. നായാട്ടുകാരന്റെ സുഹൃത്ത് ആദ്യം പരിഭ്രമിച്ചെങ്കിലും അയാൾ താഴെ കമഴ്ന്ന് കടന്നു. കരടി അയാളുടെ അടുത്തെത്തി ,അപ്പോഴും അയാൾ



അനങ്ങിയില്ല. ശ്വാസം അടക്കിപ്പിടിച്ച്കിടന്നു . കരടി അയാളുടെഅടുത്ത് ചെന്ന് മണത്തു നോക്കി. അയാൾക്ക് ജീവനില്ലെന്നു കരുതി അയാളെ ഒന്നും ചെയ്യാതെ കരടി അതിന്റെ വഴിക്ക് പോയി.അല്പം കഴിഞ്ഞപ്പോൾ നായാട്ടുകാരൻ മരത്തിൽ നിന്ന് താഴെയിറങ്ങി . എന്താണ് കരടി നിന്നോട് സ്വകാര്യമായി പറഞ്ഞത് ? കമഴ്ന്ന് കിടക്കുന്ന സുഹൃത്തിനോട് നായാട്ടുകാരൻ ചോദിച്ചു. സ്വന്തം രക്ഷമാത്രം നോക്കുന്ന സുഹൃത്തുക്കളെ ഉപേക്ഷിക്കണമെന്ന്. സുഹൃത്തന്റെ ആ വാക്കുകൾ കേട്ട് നായാട്ടുകാരൻ ലജ്ജിച്ചു.

ആയിഷത്തു നസീബ . AP(II)

# യുദ്ധത്തിന്റെ ഫലം

ഒരിക്കൽ ഒരു സിംഹം മാനിനെ പിടികൂടി. അതിനെ തിന്നാൻ ഒരുങ്ങുമ്പോഴാണ് ഒരു കടുവ അതിന്റെ പങ്കുപറ്റാൻ ചെന്നത്. സിംഹം അല്പം പോലുംവിട്ടുകൊടുക്കാൻ തയ്യാറായില്ല. കടുവ പിൻമാറിയതുമില്ല. ഒടുവിൽ അവർ തമ്മിൽ വലിയ യുദ്ധമായി. രണ്ടുപേരും വളരെ ശക്തരായതിനാൽ യുദ്ധം നീണ്ടുപോയി.



ഇരുവരുടെയും ശരീരം കീറമുറിഞ്ഞു. രക്തം വാർന്നു. ഒടുവിൽ രണ്ടുപേരും തറയിൽ നിന്ന് എഴുന്നേൽക്കാൻ പോലും വയ്യാത്ത അവസ്ഥയിലായി. അപ്പോഴാണ് അവിടേക്ക് ഒരു കുറുനരി കടന്നുവന്നത്. അവൻ രംഗം ആകെയൊന്നു നിരീക്ഷിച്ചു. അനങ്ങാൻ പോലുമാകാതെ തളർന്നുകിടക്കുന്ന സിംഹം കടുവയും. അവരുടെ നടുക്കായി ചത്തുകിടക്കുന്ന മാനും. പിന്നെ കുറുക്കൻ താമസിച്ചില്ല. അവൻ മാനിനേയും കടിച്ചുവലിച്ച് സ്ഥലം വിട്ടു. സിംഹത്തിനും കടുവയ്ക്കും അതു കണ്ടുകിടക്കാനല്ലാതെ മറ്റൊന്നിനുമായില്ല. കണ്ടോ, നമ്മുടെ മത്സരത്തിന്റെ ഫലം ആ കുറുനരി തട്ടിക്കൊണ്ടു പോകുന്നത്? കടുവ ചോദിച്ചു . കണ്ടിട്ടെന്തു ചെയ്യാൻ? അതിനെതിരെ ഒരു വിരൽ പോലും അനക്കാനുള്ള ശേഷി നമുക്കില്ലല്ലോ... സിംഹം സങ്കടത്തോടെ പറഞ്ഞു.

അഭിന

# കവിത

**അമ്പിളിയമ്മാവാ ! തിരിഞ്ഞു നി-**
**ന്നൻ പിന്നോടൊന്നു ചൊല്ല്**
**എങ്ങു പോകുന്നിവണ്ണം തനിച്ചു**
**നീ അങ്ങു ഞാനും വരട്ടോ ?**
**നേരമിരുട്ടിയല്ലോ തനിച്ചയ്യോ**
**പേടിയില്ലേ നടപ്പാൻ ?**
**കൂട്ടിനായ് വന്നിടാം- ഞാൻ നല്ല**
**നല്ല പാട്ടുകൾ പാടിടാം ഞാൻ**
**താരകപ്പെൺമണികൾ നടുവിൽ**
**നീ രാജനായ് വാണിടുമ്പോൾ**
**താണവരോടു മിണ്ടാൻ നിനക്കൊരു**
**നാണമകുന്നതുണ്ടോ ?**
**വെള്ളിത്തളിക പോലെ മാനത്തു**
**നീ മന്നിത്തിങ്ങുന്നല്ലോ ?**
**വല്ലതും തന്നിടാമോ വിശക്കുന്നു**
**കൂടെ ഞാനും വരട്ടോ ?**

**FAHEEMA. MR (4-A)**

# UNITY IS STRENGTH

***A man had three sons . They were always  quarrelling[1] with one another . The man felt disappointed[2] seeing them quarrelling . One day he gave them a bundle of sticks and asked them to break it .  Each of them tried to break it , but could not break it . Then the man united the bundle and gave each of them stick to break . They broke it easily . Then the man told them that in unity lies the real strength.***

***NAHALA   IX B***

1 കലഹിക്കുക

2 നിരാശ

# മൂഷികസ്ത്രീ വീണ്ടും മൂഷികസത്രിയായി

ആകാശത്തിലൂടെ പറന്നുപോവുകയായിരുന്നു ഒരു പരുന്ത്. അതിന്റെ കാലിൽ ഒരു
പെണ്ണെലിയുമുണ്ടായിരുന്നു. മലമുകളിലെ മരത്തലപ്പിലിരുന്നു എലിയെ കൊത്തിത്തിന്നണം പരുന്ത് പ്ലാനിട്ടു. പെട്ടെന്ന് കാലിൽനിന്ന് എലി താഴേക്ക് വീണുപോയി .അത് ഒരു മുനിയുടെ മടിയിൽ വീണു.മുനിക്ക് കരുണതോന്നി.
എലിപെണ്ണിനെ ഒരു മനുഷ്യപ്പെണ്ണാക്കി മാറ്റി മുനിപത്നിക്കു സമ്മാനിച്ചു.

ആ പെൺകുട്ടി വളർന്നു യുവതിയായി. ഒരു നല്ല വരന് മകളെ കൊടുക്കണം മുനി ആദ്യം സൂര്യനെ വരനാക്കാൻ നിശ്ചയിച്ചു. പക്ഷെ മകൾ സമ്മതിച്ചില്ല. അച്ഛാ ഇദ്ദേഹത്തെ എനിക്കുവേണ്ട എനിക്ക് ദേഹം പൊള്ളും.
കുറേക്കൂടി യോഗ്യനെ മതി എനിക്ക്. സൂര്യനെക്കാൾ യോഗ്യനാണ് മേഘമെന്നറിഞ്ഞ് മുനി മേഘത്തെ വരുത്തി. വേണ്ട,വേണ്ട. ഇദ്ദേഹം കറുത്തിട്ടാണ് എന്നായി മകൾ. മേഘത്തെവരെ ഓടിക്കൻ കഴിയുന്ന വായുവിനെ
തന്നെ മകളെ കൊടുക്കാം എന്ന് അപ്പോൾ മുനി നിശ്ചയിച്ചു. എന്നാൽ മകൾ സമ്മതിച്ചില്ല. എനിക്ക് ഇതിലും യോഗ്യൻ വേണമെന്നായി അവൾ. വായുവിനെ
വരെ തടഞ്ഞു നിർത്തുന്ന പർവതത്തെ ചൂണ്ടി മുനി ചോദിച്ചു. നിനക്ക് ഭർത്താവായി പർവതം മതിയോ?വേണ്ട വേണ്ട ഇദ്ദേഹം കഠിനനാണ്. പർവതത്തെ വരെ കടിച്ചു പിളർക്കുന്ന എലി കൂടുതൽ ശക്തൻ. മുനി എലികളുടെ രാജാവിനെ വിളിച്ചുവരുത്തി ആ മൂഷികനെ കണ്ടപ്പോൾ മകൾക്ക് ഇഷ്ടമായി. എന്തൊരു സുന്ദരൻ! മകൾ പറഞ്ഞു. മുനി മകളെ വ്വീണ്ടും എലിയാക്കി. എലിരാജാവിന് വിവാഹം ചെയ്തുകൊടുത്തു.മൂഷികസ്ത്രീ അങ്ങനെ വീണ്ടും മൂഷികസ്ത്രീയായി.

*സദ പർവി- IX A*

# *The fox and The Lion*



**Once upon a time a fox lived in a Forest. In a Forest He had never seen a lion. One day he met one,and was so terrified at the sight of him that he was about to die with fear. After a while he met him again, and was still rather frightened, but not nearly so much as he had been when he met him first. But when he saw him for the third time he was so far from being afraid that he went up to him and began to talk to him as if he had known him all his life . Soon they become great friends.**

ഹരിഷ്മ.വി.വി

# ചിത്രങ്ങൾ



## ജി. ഡബ്ല്യു. എച്ച്. എസ്. എസ് ചെറുകുന്നിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളും അധ്യാപകരും




GWHSS CHERUKUNNU
ലിറ്റിൽ
കൈറ്റ്സ് ക്ലബ്ബ്
അംഗങ്ങൾക്ക്
പരിശീലനം
Poster Maker

***insert index entry***